**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 339** **06-03-2023 - ൽ മറുപടിയ്ക്ക്**

**വായ്പാ കുടിശിക അടയ്ക്കാൻ സാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | നോട്ട് നിരോധനം, പ്രളയം, കോവിഡ് എന്നിവ മൂലം ദുരിതമനുഭവിച്ചവർക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയുടെ കുടിശിക അടയ്ക്കാൻ സാവകാശം നൽകുകയോ കുടിശികയായ വായ്പ സഹകാരികൾക്ക് പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ടോ; ജപ്തി നടപടികളിൽ നിന്നും സാവകാശം നല്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നോട്ട് നിരോധനം, പ്രളയം, കോവിഡ് എന്നിവ മൂലം ദുരിതമനുഭവിച്ചവർക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയുടെ കുടിശ്ശിക അടയ്ക്കാൻ സാവകാശം നൽകുന്നതിനും, ജപ്തി നടപടികളിൽ നിന്നും സാവകാശം നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ചു നൽകിയിരുന്നു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31.03.2020 വരെ മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. കൂടാതെ സംസ്ഥാനത്ത് കോവിഡ്-19 രോഗബാധ ഉണ്ടായതിനെ തുടർന്ന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01.03.2020 മുതൽ 31.08.2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.<br><br>2021 ആഗസ്റ്റ് 16 – ന് ആരംഭിച്ച നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റ ത്തവണ തീർപ്പാക്കൽ പദ്ധതിയ്ക്ക് കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെ തുടരുന്നതിന് അനുമതി നൽകിയിരുന്നു. പ്രളയം, കോവിഡ് എന്നിവ മൂലം ദുരിതമനുഭവിച്ചവർക്ക് ഇളവുകൾ നൽകുന്ന തിനുള്ള വ്യവസ്ഥകൾ ടി പദ്ധതിയിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴ പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നു. പലിശയിൽ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകി വായ്പ കണക്ക് അവസാനിപ്പിക്കുന്നതിനും സാധിക്കുന്നു. ഇപ്രകാരം കുടിശ്ശികക്കാരായ വായ്പാക്കാർക്ക് കുടിശ്ശിക അടയ്ക്കാനും, ജപ്തി നടപടികളിൽ നിന്നും ഒഴിവാകുന്നതിനും ഉള്ള സാവകാശവും, അവസരവും ലഭിക്കുന്നു.<br><br>കേരള ബാങ്കിനും, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനും ടി പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നൽകാറുണ്ട്. കേരള ബാങ്ക് കോവിഡ് മൂലം ദുരിതമനുഭവിച്ച വായ്പാക്കാർക്ക് 2020-21 വർഷങ്ങളിൽ റിസർവ്വ് ബാങ്ക് വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി മൊറട്ടോറിയം, റീസ്ട്രക്ച്ചറിംഗ് അനുവദിക്കുകയും, പ്രളയം - കോവിഡ് സുരക്ഷ വായ്പാ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 വർഷത്തിലും ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോവിഡ് മൂലം ദുരിതമനുഭവിച്ചവർക്ക് ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ടി പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പരമാവധി ഇളവുകളോടെ വായ്പ കണക്കുകൾ അവസാനിപ്പിച്ച് വായ്പക്കാർക്ക് ജപ്തി നടപടികളിൽ നിന്നും ഒഴിവാകാവുന്നതാണ്. |
| (ബി) | കിടപ്പാടം മാത്രമുള്ള വ്യക്തികളുടെ വീടുകൾ ജപ്തി ചെയ്യാതെ പരമാവധി സാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ? | (ബി) | ജപ്തി നടപടികൾ നേരിടുന്ന വായ്പക്കാരുടെ വായ്പ നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും, റിക്കവറി മാനേജ്മെന്റ് സ്കീം പ്രകാരവും പലിശ ഇളവുകളോട് കൂടി അവസാനിപ്പിക്കുന്നതിന് അവസരമുണ്ട്. പ്രാഥമിക സഹകരണ ബാങ്കുകളിൽ 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെ നടപ്പിലാക്കിയ നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 ഫെബ്രുവരി 1 മുതൽ 2023 മാർച്ച് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരള ബാങ്കിലും ടി പദ്ധതി 2023 മാർച്ച് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ